

വര: വി.എസ്. ഗിരീശൻ

**പശ്ചിമഘട്ടം**

പ്രത്യേകപതിപ്പ് തുടർച്ച

**മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധത്തിൽ വന്ന മാറ്റങ്ങൾ – പശ്ചിമഘട്ടനീരുറവയായ ചാലക്കുടി പുഴത്തടത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തുന്നു**

**കെ.എസ്. നീരജ**

## ചാലക്കുടിപുഴയുടെ പശ്ചാത്തലത്തിൽ:

# കാടും പുഴയും മനുഷ്യനും

**പൂർവ്വികരുടെ** ചരിത്രത്തിന്റെ തെളിവുകളവശേഷിക്കുന്ന വളരെ കുറച്ച് പുഴയോരങ്ങളിലൊന്നാണ് ചാലക്കുടിപ്പുഴത്തടം. എ.ഡി. 800 കാലഘട്ടത്തിൽ കടൽത്തീരങ്ങളും കായൽശൃംഖലകളും മുഴുവനായി രൂപം കൊള്ളാത്തതും, ഉള്ള ഭൂവിസ്തൃതിയുടെ ഏറെ ഭാഗങ്ങൾ കാലവർഷക്കാടുകളും ബാക്കി സ്വാഭാവിക വനങ്ങളും കുറ്റിക്കാടുകളും മൊട്ടക്കുന്നുകളുമായിരുന്ന പ്രദേശമായിരുന്നു കേരളം. ചാലക്കുടിപ്പുഴത്തടത്തിൽ പ്രദേശങ്ങൾ വ്യക്തികൾ കൈവശം വയ്ക്കുന്ന അവസ്ഥ ആ കാലഘട്ടം വരെയും നിലനിന്നിരുന്നില്ലെന്നു കരുതപ്പെടുന്നു. തുടർന്നുള്ള കുറച്ചു കാലങ്ങളോളം പൊതു ആവശ്യങ്ങൾക്കായി പുഴയേയും ചുറ്റുപാടുകളെയും നേരിട്ടാശ്രയിക്കുന്ന രീതി തുടർന്നു പോന്നിരുന്നു. എന്നാൽ ലോകത്തിൽത്തന്നെ മനുഷ്യനും പ്രകൃതിയുമായുണ്ടായ ബന്ധത്തിൽ പൊടുന്നനെയുള്ള മാറ്റങ്ങൾ വന്നുതുടങ്ങിയ പതിനെട്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കേരളത്തിന്റെ പുഴത്തടങ്ങളിലെല്ലാംതന്നെ, പ്രത്യേകിച്ച് ചാലക്കുടിപ്പുഴത്തടത്തിൽ – ആ മാറ്റങ്ങൾ വ്യാപകമായി പ്രതിഫലിക്കുകയുണ്ടായി. 1615ൽ ബ്രിട്ടീഷുകാർ കേരളത്തിലെത്തിയെങ്കിലും 18–ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ഉടലെടുത്ത വ്യവസായിക വിപ്ലവമാണ് ഭൗതികനന്മയ്ക്കുവേണ്ടി പ്രകൃതിവിഭവങ്ങളെ പരമാവധി ചൂഷണം ചെയ്യാമെന്ന സംസ്കാരം കേരളത്തിൽ വ്യാപിപ്പിക്കാൻ അവരെ പ്രേരിപ്പിച്ചത്. അതുവരെ വൈവിധ്യമാർന്ന പുഴയോരക്കാടുകളാലും ജീവിവർഗ്ഗങ്ങളാലും അരുവികളാലും സമ്പന്നമായിരുന്നു ചാലക്കുടിപ്പുഴയും. എന്നാൽ പ്രകൃതിവിഭവങ്ങൾക്കായുള്ള മത്സരം ആരംഭിച്ച ഇക്കാലയളവിൽത്തന്നെയാണ് പുഴത്തടത്തിൽ നേരിട്ട് പുഴയെ ആശ്രയിച്ചും അറിഞ്ഞും അറിയാതെയും അതിനെ കടലിലെത്താൻ പ്രേരിപ്പിച്ചവരുമായ പ്രാകൃതസംസ്കാരമുള്ള മനുഷ്യൻ പുഴത്തടത്തിൽ നിന്നും മാറ്റിനിർത്തപ്പെട്ടു തുടങ്ങിയതും. ചാലക്കുടിപ്പുഴത്തടത്തിന്റെ ചരിത്രത്തിലൂടെ നടന്നാൽ വളരെയേറെ വ്യക്തമാക്കപ്പെടുന്ന ഒന്നാണ് ഇക്കാര്യം. 1830കളിൽ കാപ്പി പോലുള്ള നാണ്യവിളകൾ നെല്ലിയാമ്പതി ഭാഗങ്ങളിൽ കൃഷിചെയ്യാൻ ബ്രിട്ടീഷുകാർ ശ്രമം നടത്തിയിരുന്നു. ചിറകളും ചെറുതോടുകളും കെട്ടി ഭൂമിയിൽ നിന്നുള്ള മുതലെടുപ്പ് വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ചാലക്കുടി പുഴത്തടത്തിൽ കൃഷിത്തോട്ടങ്ങൾ ഏർപ്പെടുത്തുന്നതിനായി കൊച്ചി രാജ്യത്തെ ദിവാനായിരുന്ന വെങ്കിട സുബ്ബയ്യർ ശ്രമം നടത്തിയതും ഇതേ കാലയളവിൽത്തന്നെയായിരുന്നു. ഇതൊക്കെയാണെങ്കിൽപോലും നേരിട്ട് പുഴയെ ആശ്രയിക്കുന്നത് പലവിധേന തുടർന്നതിനാലും ചിറകൾ കൃഷിക്കുവേണ്ടി പൊതുവായി ഉപയോഗപ്പെടുത്തിയിരുന്നതുകൊണ്ടും പുഴയുമായി തുടർന്നും ചെറിയരീതിയിലെങ്കിലും ബന്ധപ്പെടാൻ ആളു

കൾക്ക് കഴിഞ്ഞിരുന്നു. കൃഷിചെയ്യുമ്പോഴും അതിനാവശ്യമായ വെള്ളം എവിടെനിന്നു വരുന്നു, എങ്ങനെയെല്ലാം അത് നിലനിർത്താം എന്നതെല്ലാം ആളുകൾ ആലോചിച്ചിരുന്നു എന്നതിനു തെളിവാണ് പുഴത്തടത്തിലെ പല കൃഷിയിടങ്ങളിലേയും കൊയ്ത്തുപാട്ട് സൂചിപ്പിച്ചിരുന്നതെന്ന് പാറവഴിയിലെ ദേവകിയമ്മ പറയുന്നു. അതിനു മറ്റൊരു തെളിവാണ് കൃഷിഗീതിയിലെ ഈ വരികൾ :

"വെള്ളം തന്നെ കൃഷിക്കു പ്രധാനമെ-
ന്നുള്ളിലെല്ലാർക്കും
വേണമെന്നറിഞ്ഞാലും
വെള്ളത്താവളമുള്ളോരു ഭാഗത്ത്
വെള്ളമുണ്ടാക്കിക്കൊള്ളേണമേവരും"

19-ാം നൂറ്റാണ്ടിന്റെ മധ്യത്തോടെ പുഴയുടെ തുടക്കങ്ങളിലൊന്നായ വാൽപ്പാറക്കാടുകളിലും നെല്ലിയാമ്പതിക്കാടുകളിലും തേയിലത്തോട്ടങ്ങൾ ആരംഭിച്ചതാണ് കീഴ്ത്തടത്തിലെ പുഴയുടെ ഈ അവസ്ഥയ്ക്ക് തുടക്കം കുറിച്ചത്. അതിനോടൊപ്പം തന്നെ 1854ൽ കാർഷികവിദ്യാഭ്യാസം ആരംഭിച്ചതും പൊതുവിൽ ജനങ്ങളെ പ്രകൃതിജീവനത്തിൽനിന്നും കാർഷികജീവിതത്തിലേക്കു നയിക്കുന്നതിന് വഴിവെച്ചു. കൃഷിയുടെ ആദിമസംസ്കാരം നേരത്തെ പറഞ്ഞതിൽ നിന്നും വ്യതിചലിച്ച് കാട്ടുതീയുണ്ടാക്കി കൃഷിയിടം വിപുലീകരിക്കുക എന്ന അവസ്ഥയിലേക്ക് എത്തിക്കുകയും ചെയ്തു. എങ്കിലും ഇക്കാലയളവിലെല്ലാം കുടിക്കാനും കൃഷിക്കുമായി പുഴയുമായി നേരിട്ടുള്ള ബന്ധം ചാലക്കുടിപുഴത്തടത്തിലെ മനുഷ്യർ നിലനിർത്തിപ്പോന്നിരുന്നു.

1879ൽ ഇന്ത്യയിൽ വ്യവസായ വിദ്യാഭ്യാസം ആരംഭിയ്ക്കുകയും എൻജിനീയറിംഗ് ഗവേഷണങ്ങൾ പുരോഗമിക്കുകയും ചെയ്തു. ഇത് വളരെ പെട്ടെന്ന് ബാധിച്ചത് ചാലക്കുടി പുഴത്തടത്തിനെയായിരുന്നു. കാരണം 1894ൽത്തന്നെ പറമ്പിക്കുളത്തുനിന്നും തടിവെട്ടിയിറക്കുന്നതിനായി ട്രാംവേ എന്ന എൻജിനീയറിംഗ് സംരംഭത്തിന് സാധ്യതയെക്കുറിച്ച് ബ്രിട്ടീഷുകാർ അന്വേഷണം ആരംഭിച്ചിരുന്നു. 1901ൽ ചാലക്കുടിപ്പുഴ സർവ്വെചെയ്യപ്പെട്ടതും ഇതിനുവേണ്ടിയായിരുന്നു. ഒന്നാം ലോകമഹായുദ്ധകാലത്ത് ചാലക്കുടിയിലെ ആനമല മരം ഡിപ്പോയിലേക്ക് കാടുകളെ തടി എന്ന വസ്തുമാത്രമായി കണ്ട് കടത്തുകയുണ്ടായി. 1940കളോടെ ചാലക്കുടിയിൽ നിന്നും വാൽപ്പാറയിലേക്ക് റോഡ് ഗതാഗതം വന്നതുമുതൽ പുഴത്തടത്തിലേക്കുള്ള കുടിയേറ്റം വർദ്ധിക്കുകയുണ്ടായി. ഇതേ കാലയളവിൽ പുഴത്തടത്തിലെ ആളുകളും പുഴയും തമ്മിൽ നിരന്തരമായി നടന്നിരുന്ന ബന്ധത്തിന്റെ കാരണങ്ങളിലൊന്നായ കായ്കളും കിഴങ്ങുകളും പഴങ്ങളും കാടുവെട്ടിത്തെളിക്കലിന്റെ ഭാഗമായി പെട്ടെന്നുതന്നെ കുറഞ്ഞുതുടങ്ങി. കൃഷിചെയ്യുന്നതിൽ മാത്രം രക്ഷകണ്ട് ആളുകൾ ജീവിക്കാൻ തുടങ്ങുന്ന അവസ്ഥവന്നു. എന്നാൽ ലോകത്താകമാനമായി 1941-ലുണ്ടായ ഭക്ഷ്യക്ഷാമത്തിന്റെ ഫലമെന്നോണം 1943-ൽ കൃഷി വ്യാപിപ്പിക്കാനായി ചാലക്കുടിപ്പുഴത്തടത്തിൽ ഒരു തടയണ കെട്ടുന്നതിനെപ്പറ്റി ആലോചന തുടങ്ങുകയുമുണ്ടായി. പിന്നീട് 1958-ഓടെ തുടർച്ചയായി പെരിങ്ങൽകുത്തിനും പറമ്പിക്കുളം ആളിയാർ പദ്ധതിക്കുമെല്ലാമായി പുഴയെ പലയിടങ്ങളിലായി പിടിച്ചുനിർത്തി.

തുമ്പൂർമൂഴി കനാൽ 1955-ഓടെ പ്രവർത്തിക്കാൻ തുടങ്ങിയെങ്കിലും ചാലക്കുടിപ്പുഴയോരത്തിനകലെയുള്ള പ്രദേശങ്ങളിൽ നിന്നുപോലും കുളിക്കാനും കുടിക്കാനുമുള്ള വെള്ളത്തിനായി ജനങ്ങൾ പുഴയെത്തേടിയെത്തുക പതിവുണ്ടായിരുന്നുവെന്ന് കനാലോരത്തെ പ്രായം ചെന്ന കർഷകർ പറയുന്നു. കാടില്ലാതാവുകയും വെള്ളം കൃഷിക്കു നേരിട്ട് ലഭ്യമാകാതിരിക്കുകയും ചെയ്തതോടെ കനാൽവെള്ളമെന്നത് ആ കാലത്ത് ദാരിദ്ര്യം അകറ്റാൻ സഹായിച്ചിരുന്നതായി കീഴ്ത്തടത്തിലെ കനാൽ ആശ്രിതർ പറയുന്നു. പുഴയുടെ മേൽത്തടത്തിലേയും കീഴ്ത്തടത്തിലേയും ആളുകൾ പുഴയെ കാലാകാലങ്ങളായി നേരിട്ട് അറിഞ്ഞിരുന്നതിന്റെ ഭാഗമായി വെള്ളം ചാലക്കുടിപ്പുഴയെന്ന നീരുറവ തരുന്നതാണെന്ന ബോധം ഉള്ളിലെവിടെയോക്കെയോ അവരിൽ അപ്പോഴും കിടക്കുന്നുണ്ടായിരുന്നു. എന്നാൽ കനാലിന്റെ മേൽത്തടത്തിൽ കുറച്ചധികം പേർക്കും കീഴ്ത്തടത്തിലെ ആളുകൾക്കും ചാലക്കുടിപ്പുഴയിലെ വെള്ളമാണിതെന്ന് ആദ്യമൊന്നും അറിഞ്ഞിരുന്നില്ലെന്ന് കനാലോരത്തെ കരിക്കികൊച്ചപ്പൻ എന്ന 89 വയസ്സുകാരൻ ഓർക്കുന്നു. ഇപ്പോഴും ആ അവസ്ഥ നിലനിൽക്കുന്നുണ്ടെന്നതും സത്യമാണ്. ചാലക്കുടിപ്പുഴയുടെ വൃഷ്ടിപ്രദേശത്തെ കാടുകളുടെ മേലുള്ള സമ്മർദ്ദം വീണ്ടും കൂടിയതും അതിന്റെ ഫലമായി കാടുമാറ്റപ്പെട്ട് തേക്കിൻതോട്ടങ്ങളായതും 1960 – 70 കാലഘട്ടത്തിലാണ്. 1967-ൽ കേരളത്തിലെ ഷോളയാറിൽ അണകെട്ടി വൈദ്യുതി ഉല്പാദിപ്പിക്കാൻ തുടങ്ങിയതോടെ ചാലക്കുടിപ്പുഴയുടെ നീരൊഴുക്കിലുണ്ടായ മാറ്റം അതിഭീകരമാണ്. അക്കാലത്ത് ചാലക്കുടിപ്പുഴത്തടത്തിൽ ഇന്നത്തെപ്പോലെ കിണറുകൾ വന്നുതുടങ്ങിയിട്ടില്ലായിരുന്നു. 1970-കൾക്കുമുമ്പ് കിണറിനുപകരം മണ്ണിൽ ചെറിയ കുഴിവെട്ടി ഉറവനീരെടുത്തായിരുന്നു അത്യാവശ്യഘട്ടങ്ങളിൽ കുടിച്ചിരുന്നതെന്ന് പുഴത്തടത്തിലെ പ്രായം ചെന്നവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. 35 വർഷം മുമ്പുവരെയൊക്കെ മാത്രമേ ഉറവ വെട്ടിയെടുത്തിരുന്നുള്ളു. പിന്നീട് ഉറവ കുറഞ്ഞുവന്നിരുന്നതിനാൽ കനാലുകളിൽ നിന്ന് നേരിട്ട് വെള്ളമെടുത്ത് കുടിക്കാൻ തുടങ്ങി. അതിനുശേഷമാണ് പുഴയിൽ പോകുന്ന പതിവ് വേനൽക്കാലത്തു മാത്രമായി മെല്ലെ ചുരുങ്ങിപ്പോയത്. ഇതേ കാലയളവിൽത്തന്നെയാണ് പുഴയിലെ മണലെടുപ്പ് വ്യാപകമായതും പല കടവുകളും ആളുകൾക്കിറങ്ങാൻ പറ്റാത്ത അവസ്ഥയിലേക്ക് മാറ്റപ്പെട്ടതും. കനാൽ വെള്ളത്തിലും താഴോട്ടുള്ള പുഴയുടെ ഒഴുക്കിലുമെല്ലാം കുറവുവന്നതുകൊണ്ട് കിണറുകൾ വ്യാപകമായത് 1980 – 90 കാലഘട്ടത്തിലാണ്. 1990-കളിൽ പുഴത്തടത്തിലുള്ള പല പ്രദേശങ്ങളിലും വ്യാപകമായി പാറമടകൾ വന്നതിനാലും പുഴ അന്യമാകുന്ന അവസ്ഥ കൂടിക്കൊണ്ടിരുന്നു. 1990-കളിൽ പെരിങ്ങൽകുത്തിലെ വൈദ്യുതോല്പാദനരീതിക്ക് വന്ന മാറ്റവും പുഴയുടെ താഴോട്ടുള്ള നീരൊഴുക്കിനേയും അതുവഴി കനാലോരത്തെയും പുഴത്തടത്തിലേയും ഭൂവിനിയോഗരീതിയേയും കാര്യമായി മാറ്റുകയുണ്ടായി.

പുഴയും പുഴയോരക്കാടും കുന്നുമെല്ലാം ഇന്ന് ഭൗതിക സമ്പത്തും സുഖവും വർദ്ധിപ്പിക്കുന്നതിനുള്ള വളരെ പരോക്ഷമായ വെള്ളവും മരവും മണ്ണും മാത്രമായി മാറിക്കഴിഞ്ഞിരിക്കുന്നു. പ്രകൃതിവിഭവങ്ങളിൽ നിന്നും മനുഷ്യരെ മാറ്റിനിർത്തുന്ന സാമൂഹിക സാമ്പത്തിക വ്യവസ്ഥയുടെ ഇരകളാണ് നമ്മളെല്ലാമെന്ന് പറയാതെ പറയുകയാണ് ചാലക്കുടി പുഴത്തടത്തിലെ പുഴയും മനുഷ്യരും തമ്മിലുള്ള ബന്ധത്തിൽ വന്ന മാറ്റങ്ങളുടെ ഈ ചരിത്രം.